6
ശനി
2018 ഒക്ടോബർ
1194 കന്നി 20

മക്തബ്

www.makthabdaily.com

മാസാന്ത സ്വലാത്ത് മജ്ലിസ് നാളെ രയരോം മഖാമിൽ

ആലക്കോട്: ചരിത്രപ്രസിദ്ധവും പുണ്യപുരാതനവും നിരവധി കറാമത്തുകളാൽ അനുഗ്രഹീതവുമായ രയരോം മഖാമിൽ നടന്നുവരുന്ന മാസാന്തസ്വലാത്ത് മജ്ലിസും കൂട്ടുപ്രാർത്ഥനയും നാളെ (07-10-2018 ഞായർ) രാത്രി 7 മണിക്ക് നടക്കും. പ്രാർത്ഥനകൾക്ക് ഉസ്താദ് ബഷീർ ലത്തീഫി മഞ്ചേരി നേതൃത്വം നൽകും. പങ്കെടുത്ത് പുണ്യം നേടുന്നതിന് ഏവരെയും ക്ഷണിക്കുന്നതായി രയരോം ജുമാ മസ്ജിദ് കമ്മിറ്റി അറിയിച്ചു.

തളിപ്പറമ്പ പുസ്തകം 11 ലക്കം 294 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

കടബാധ്യത: നാലംഗ കർഷക കുടുംബം ജീവനൊടുക്കി

മാനന്തവാടി: കടബാധ്യതയെ തുടർന്ന് നാലംഗ കർഷക കുടുംബം തൂങ്ങിമരിച്ചു. തലപ്പുഴ തിടങ്ങഴി തോപ്പിൽ വിനോദ് (45), ഭാര്യ മിനി (40), മക്കളായ അനുശ്രീ (17), അഭിനവ് (12) എന്നിവരാണ് മരിച്ചത്. വീടിന് സമീപത്തെ കശുമാവിൻ തോട്ടത്തിലാണ് ഇവരെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ആറ് പശുക്കളുമായി ഫാം നടത്തുന്നയാളാണ് വിനോദ്. കാട്ടിമൂല ക്ഷീര സഹകരണ സംഘത്തിൽ ദിവസം 130 ലിറ്റർ പാൽ നൽകുന്നുണ്ട്. ഇതിന് പുറമെ കർണ്ണാടകയിൽ ഭൂമി പാട്ടത്തിനെടുത്ത് വാഴ കൃഷിയും നടത്തുന്നുണ്ട്. ബാങ്കിൽ വായ്പാ കുടിശികയുണ്ട്. അതിനോടൊപ്പം ചില കുടുംബപ്രശ്നങ്ങളുമുള്ളതായി അയൽവാസികൾ പറയുന്നു. ഇന്നലെ ഇവർ സഹോദരിയുടെ വീട്ടിലേക്ക് പോയിരുന്നു. സന്ധ്യയോടെ തിരിച്ചെത്തി. വീട്ടിൽ ഇവർക്കൊപ്പം അച്ഛനും അമ്മയുമുണ്ട്. രാത്രിയോടെ വിനോദിനെയും ഭാര്യയെയും മക്കളെയും കാണാതായി. രാവിലെയാണ് തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തിയത്. പോലീസ് ഇൻക്വസ്റ്റ് നടത്തി മൃതദേഹം പോസ്റ്റുമോർട്ടത്തിനയച്ചു.

വയനാട്ടിൽ ജീവനൊടുക്കിയ വിനോദും ഭാര്യയും മക്കളും

കാനഡ വിസ വാഗ്ദാനം ചെയ്ത് നാലര ലക്ഷം തട്ടിയെടുത്ത യുവാവിനെ അറസ്റ്റ് ചെയ്തു

കണ്ണൂർ: കാനഡ വിസ വാഗ്ദാനം ചെയ്ത് 4,60,000 രൂപ തട്ടിയെടുത്ത കേസിൽ യുവാവിനെ ടൗൺ എസ്.ഐ ശ്രീജിത്ത് കൊടേരിയും സംഘവും അറസ്റ്റ് ചെയ്തു. പൊന്നാനി പുതുപൊന്നാനി സ്വദേശി സി.എച്ച്.സുധീർ (37) ആണ് പിടിയിലായത്. കൊറ്റാളി ബ്ലൂസ് വില്ലയിലെ ഷെൽഡൺ റോയിയുടെ പരാതിയിലാണ് സുധീറിനെ പോലീസ് സമർത്ഥമായി പിടികൂടിയത്.

റോയിയുടെ സഹോദരി ഭർത്താവിന്റെ സുഹൃത്താണ് സുധീർ. ഇതുവഴിയാണ് റോയി സുധീറുമായി പരിചയപ്പെടുന്നത്. ഗൾഫ് നാടുകളിൽ ജോലി സാധ്യതയില്ലാതായെന്നും കാനഡയിലും മറ്റും ജോലി സാധ്യതയേറെയാണെന്നും പറഞ്ഞാണ് റോയിയെ കുടുക്കിയത്. 2017 മുതൽ വിവിധ ഘട്ടങ്ങളിലായി 2,60,000 രൂപ ബാങ്കുകൾ വഴിയും രണ്ട് ലക്ഷം രൂപ നേരിട്ടും സുധീറിന് നൽകിയതെ. എന്നാൽ വിസ ലഭിച്ചില്ല. പണം തിരിച്ചു നൽകിയതുമില്ല. ഇതേ തുടർന്നാണ് പോലീസിൽ പരാതി നൽകിയത്.

ടൗൺ പോലീസ് വിസയുടെ ആവശ്യക്കാരെന്ന മട്ടിൽ വേഷം മാറി സുധീറുമായി ബന്ധപ്പെട്ടു. തുടർന്ന് ഇയാളെ വിളിച്ചുവരുത്തി അറസ്റ്റ് ചെയ്യുകയായിരുന്നു.

വിവാഹം മുടങ്ങിയ മനോവിഷമം; യുവാവ് ജീവനൊടുക്കി

ടി.പി.ദിലീപ്

പയ്യന്നൂർ: വിവാഹം മുടങ്ങിയ മനോവിഷമം മൂലം യുവാവ് ജീവനൊടുക്കി. തായിനേരി തുമ്പക്കൊവ്വലിലെ വിജയന്റെ മകൻ ടി.പി.ദിലീപ് (30) ആണ് വീട്ടിനകത്ത് തൂങ്ങിമരിച്ചത്. ഇന്ന് രാവിലെയാണ് സംഭവം. ഒാട്ടുപാത്ര നിർമ്മാണ ജോലിക്കാരനായ ദിലീപ് രാവിലെ എഴുന്നേൽക്കാത്തതിനെ തുടർന്ന് വീട്ടുകാർ നോക്കിയപ്പോഴാണ് തൂങ്ങിയ നിലയിൽ കാണപ്പെട്ടത്. ഉടൻ ആശുപത്രിയിലെത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ദിലീപിന്റെ വിവാഹം കാങ്കോൽ സ്വദേശിനിയുമായി നടത്താൻ നിശ്ചയിച്ചിരുന്നു. പിന്നീടുണ്ടായ പ്രശ്നത്തെ തുടർന്ന് നിശ്ചയിച്ച കല്യാണം വേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തു. വിവാഹം മുടങ്ങിയ മനോവിഷമമാണ് ആത്മഹത്യക്ക് കാരണമെന്ന് പറയുന്നു. രാധയാണ് അമ്മ. ദീപ, ദീപേഷ് എന്നിവർ സഹോദരങ്ങളാണ്.

സുന്നി പള്ളികളിലും സ്ത്രീ പ്രവേശനം അനുവദിക്കണമെന്ന് കോടിയേരി

ഡൽഹി: സുന്നി പള്ളികളിലും സ്ത്രീ പ്രവേശനം അനുവദിക്കണമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ആവശ്യപ്പെട്ടു. ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട കാര്യങ്ങളോട് പ്രതികരിക്കുമ്പോഴായിരുന്നു കോടിയേരി ഇങ്ങനെ പറഞ്ഞത്. ശബരിമല സ്ത്രീ പ്രവേശന വിഷയത്തിൽ സി.പി.എം നിലപാട് മയപ്പെടുത്തിയിട്ടില്ല. തന്ത്രി കുടുംബവും മറ്റുമായി ചർച്ച നടത്താൻ തീരുമാനിച്ചത് സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിന് വേണ്ടിയാണ്. ഇതുമായി ബന്ധപ്പെട്ട് സി.പി.എമ്മിനകത്ത് ആശയക്കുഴപ്പമില്ല. ശബരിമല വിഷയം രണ്ടാം വിമോചന സമരത്തിനുള്ള ഉപാധിയാക്കാനാണ് കോൺഗ്രസും ബി.ജെ.പിയും ശ്രമിക്കുന്നത്. ഇതിനെ വിശ്വാസികളെ അണിനിരത്തി ചെറുക്കുമെന്നും കോടിയേരി പറഞ്ഞു.

താലൂക്ക് വികസന സമിതിയോഗത്തിൽ പരപ്പ ക്വാറി കർമ്മസമിതിയുടെ പ്രതിഷേധം

തളിപ്പറമ്പ: ക്വാറി ഉടമകളെ സഹായിക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥർ വ്യാജ റിപ്പോർട്ട് സമർപ്പിച്ചുവെന്നാരോപിച്ച് താലൂക്ക് വികസന സമിതി യോഗത്തിൽ നടുവോട്-പരപ്പ ജനകീയ വികസന സമിതിയുടെ പ്രതിഷേധം. ചെയർമാൻ ഒ.കെ. സിറാജുദ്ദീൻ, കൺവീനർ ജോസഫ് കച്ചിറയിൽ, കെ.ടി. ജോസഫ്, ഫ്രാൻസിസ് മ്രാലയിൽ എന്നിവരാണ് പ്രതിഷേധിച്ചത്. കഴിഞ്ഞ മാസം ശക്തമായ ഉരുൾപൊട്ടൽ പ്രദേശത്തു മകളെ സഹായിക്കാൻ പ്രദേശത്ത് ഉരുൾപൊട്ടലുണ്ടായിട്ടില്ല എന്ന വ്യാജ റിപ്പോർട്ടാണത്രെ റവന്യൂ ഉദ്യോഗസ്ഥർ ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചത്. *(ശേഷം4-ാം പേജിൽ)*

റോഡ് റോളർ കുളത്തിൽ വീണ് ഡ്രൈവറുടെ മരണം; കരാറുകാരനും ഓവർസീയർക്കുമെതിരെ കേസ്

പി.മനൂപ്

ശ്രീകണ്ഠപുരം: ചുണ്ടപ്പറമ്പ്-ഏരുവേശി-പുപ്പറമ്പ് റോഡിലെ നിർമ്മാണം പൂർത്തിയായ കരിങ്കൽഭിത്തി തകർന്ന് റോഡ് റോളർ കുളത്തിലേക്ക് വീണ് ഡ്രൈവർ മരിച്ച സംഭവത്തിൽ കരാറുകാരനും ഓവർസീയർക്കുമെതിരെ കേസെടുത്തു. തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി. വേണുഗോപാലന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ച് നടത്തിയ പുനരന്വേഷണത്തിലാണ് സംഭവത്തിലെ ദുരൂഹത നീങ്ങിയത്. കാസർക്കോട് സ്വദേശിയായ കരാറുകാരൻ ഖാദറിനും ഓവർസീയർക്കുമെതിരെ കുടിയാന്മല പോലീസ് വാഹനാപകടമെന്ന നിലയിലാണ് കേസെടുത്തത്. എന്നാൽ നിർമ്മാണത്തിലെ ക്രമക്കേടാണ് ദുരന്തം വരുത്തിയതെന്ന് ആരോപിച്ച് ബന്ധുക്കളും നാട്ടുകാരും രംഗത്തുവന്നു. ഇതേ തുടർന്നാണ് ആദ്യം കേസന്വേഷിച്ച കുടിയാന്മല എസ്.ഐ വർഗീസിനെ ഒഴിവാക്കി പ്രിൻസിപ്പൽ എസ്.ഐ വി.വി. ശ്രീജേഷ്, എ.എസ്.ഐ ജോൺ എന്നിവരടങ്ങുന്ന സംഘത്തെ പുനരന്വേഷണത്തിന് ചുമതല പ്പെടുത്തിയത്. എട്ട് മാസത്തിന് ശേഷം നടത്തിയ പുനരന്വേഷണത്തിലാണ് നിർമ്മാണത്തിലെ അപാകമാണ് ഷാജിയുടെ ജീവൻ നഷ്ടപ്പെടുന്നതിലേക്ക് എത്തിച്ചതെന്ന് കണ്ടെത്തിയത്.

കഴിഞ്ഞ ജനുവരി 18ന് രാവിലെ 11 മണിയോടെയുണ്ടായ അപകടത്തിൽ റോഡ് റോളർ ഡ്രൈവർ ചെമ്പേരി മണ്ണൻകുണ്ടിലെ വെട്ടിക്കൽ ഷാജിയാണ് (45) മരിച്ചത്. ചുണ്ടപ്പറമ്പ് മുയിപ്ര റോഡിലെ കുണ്ടക്കണ്ടത്തായിരുന്നു അപകടം. പുതുതായി നിർമ്മിച്ച കലുങ്കിന് സമീപം കരിങ്കല്ല് കൊണ്ട് പണിത പാർശ്വഭിത്തിയിൽ നിക്ഷേപിച്ച മണ്ണ് ബലപ്പെടുത്തുന്നതിനിടയിൽ റോഡിന്റെ പകുതി ഭാഗവും ഭിത്തിയുമടക്കം ഇടിഞ്ഞ് ഒന്നര മീറ്ററോളം വെള്ള മുള്ള കുളത്തിലേക്ക് റോഡ് റോളർ മറിഞ്ഞാണ് ഷാജി മരിച്ചത്. കുടിയാന്മല പോലീസ് വാഹനാപകടമെന്ന നിലയിലാണ് കേസെടുത്തത്. എന്നാൽ നിർമ്മാണത്തിലെ ക്രമക്കേടാണ് ദുരന്തം വരുത്തിയതെന്ന് ആരോപിച്ച് ബന്ധുക്കളും നാട്ടുകാരും രംഗത്തുവന്നു. ഇതേ തുടർന്നാണ് ആദ്യം കേസന്വേഷിച്ച കുടിയാന്മല എസ്.ഐ വർഗീസിനെ ഒഴിവാക്കി പ്രിൻസിപ്പൽ എസ്.ഐ വി.വി. ശ്രീജേഷ്, എ.എസ്.ഐ ജോൺ എന്നിവരടങ്ങുന്ന സംഘത്തെ പുനരന്വേഷണത്തിന് ചുമതല പ്പെടുത്തിയത്. എട്ട് മാസത്തിന് ശേഷം നടത്തിയ പുനരന്വേഷണത്തിലാണ് നിർമ്മാണത്തിലെ അപാകമാണ് ഷാജിയുടെ ജീവൻ നഷ്ടപ്പെടുന്നതിലേക്ക് എത്തിച്ചതെന്ന് കണ്ടെത്തിയത്.

റോഡ് റോളർ കുളത്തിൽ മറിഞ്ഞ നിലയിൽ ഇൻസെറ്റിൽ മരിച്ച ഷാജി (ഫയൽ ഫോട്ടോ)

പെൺകുട്ടിയെ പിന്തുടർന്ന് പീഡിപ്പിക്കാൻ ശ്രമം: കൊലക്കേസ് പ്രതിയായ യുവാവ് അറസ്റ്റിൽ

ആലക്കോട്: സ്കൂൾ വിട്ട് വീട്ടിലേക്ക് നടന്നുപോവുകയായിരുന്ന പെൺകുട്ടിയെ പിന്തുടർന്ന് പീഡിപ്പിക്കാൻ ശ്രമിച്ച കൊലക്കേസ് പ്രതിയായ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. കരുവഞ്ചാൽ പള്ളിക്കവലയിലെ പള്ളിക്കര നിധിൻ എന്ന കുഞ്ഞാവയെയാണ്(21) ആലക്കോട് സി.ഐ ഇ.പി. സുരേശന്റെ നിർദേശപ്രകാരം എസ്.ഐ കെ. പ്രഭാകരൻ അറസ്റ്റ് ചെയ്തത്. ഇന്നലെ വൈകുന്നേരം 4.45 ഓടെയാണ് സംഭവം. മലയോരത്തെ ഒരു സ്കൂളിലെ പത്താംക്ലാസ് വിദ്യാർത്ഥിനിയായ ദളിത് വിഭാഗത്തിൽപ്പെട്ട 15 കാരിക്ക് നേരെയാണ് പീഡനശ്രമം നടന്നത്. സഹോദരിക്കൊപ്പം വീട്ടിലേക്ക് നടന്നുപോവുകയായിരുന്ന പെൺകുട്ടിയെ പിൻതുടർന്ന് വഴിയിൽ വെച്ച് കയറിപ്പിടിച്ച് പ്രേമാഭ്യർത്ഥന നടത്തുകയായിരുന്നു. പെൺകുട്ടി ബഹളമുണ്ടാക്കിയതോടെയാണ് ഇയാൾ പിൻമാറിയത്. തുടർന്ന് പെൺകുട്ടിയുടെ പരാതി പ്രകാരം പോലീസ് പോക്സോ വകുപ്പ് പ്രകാരം കേസെടുത്ത് ഇയാളെ അറസ്റ്റ് ചെയ്യുകയായിരുന്നു. 2017 ഏപ്രിൽ 12ന് രാത്രിയിൽ പള്ളിക്കവലയിലെ പള്ളിമല പി.വി. അനൂപിനെ(26) വെള്ളാട് കാവുംകുടി പാലത്തിൽ നിന്ന് തള്ളിയിട്ട് കൊലപ്പെടുത്തിയ കേസിൽ രണ്ടാം പ്രതിയാണ് നിധിൻ. സുഹൃത്ത് പള്ളിക്കവലയിലെ ശ്രീജേഷിനൊപ്പം ചേർന്ന് മദ്യ ലഹരിയിലാണ് അനൂപിനെ പാലത്തിൽ നിന്ന് തള്ളി താഴെയിട്ട് കൊലപ്പെടുത്തിയിരുന്നത്. ഈ കേസിൽ ജാമ്യത്തിൽ കഴിയുകയായിരുന്നു നിധിൻ. അറസ്റ്റിലായ ഇയാളെ ഇന്ന് കോടതിയിൽ ഹാജരാക്കും.

അപകടത്തിൽപ്പെട്ട ലോറിയുടെ കാബിനിലെ മോഷണ ശ്രമം തടഞ്ഞ ഡ്രൈവറെ ആക്രമിച്ചു

കണ്ണൂർ: അപകടത്തിൽപ്പെട്ടതിനെ തുടർന്ന് നിർത്തിയിട്ട ലോറിയുടെ കാബിനിൽ കയറി മോഷണം നടത്താൻ ശ്രമം. ഇത് തടഞ്ഞ ഡ്രൈവറെ ആക്രമിച്ച് മുറിവേൽപ്പിച്ചു. പരിക്കേറ്റ കർണ്ണാടക സ്വദേശി നഞ്ചപ്പയെ (40) ജില്ലാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രിയാണ് സംഭവം.

മിനിഞ്ഞാന്ന് അപകടത്തിൽപ്പെട്ടതിനെ തുടർന്ന് പള്ളിക്കുന്ന് ആകാശവാണി നിലയത്തിന് സമീപം ദേശീയപാതയോരത്ത് നിർത്തിയിട്ട നാഷണൽ പെർമിറ്റ് ലോറിയുടെ കാബിനിൽ കയറിയാണ് മോഷണശ്രമം നടത്തിയത്. വെള്ള ഷർട്ടും കറുത്ത പാന്റ്സും ധരിച്ചെത്തിയ ഒരാളായിരുന്നു മോഷണ ശ്രമം നടത്തിയത്. ഡ്രൈവറും ക്ലീനറും ലോറിയിൽ കിടന്നുറങ്ങുന്നുണ്ടായിരുന്നു. മോഷണം തടയാൻ ശ്രമിച്ച നഞ്ചപ്പയുടെ കാലിൽ ബ്ലേഡ് കൊണ്ട് മുറിവേൽപ്പിച്ച് അക്രമി ഓടിരക്ഷപ്പെടുകയായിരുന്നു. ടൗൺ പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

പണവും മൊബൈലും കവർന്ന യുവാവ് പിടിയിൽ

തളിപ്പറമ്പ: ക്വാർട്ടേഴ്സിൽ നിന്ന് പണവും മൊബൈൽ ഫോണും കവർന്ന കേസിൽ യുവാവിനെ തളിപ്പറമ്പ് പോലീസ് അറസ്റ്റ് ചെയ്തു. കുറുമാത്തൂർ കാക്കാൻചാൽ ജാസ്മിൻ ക്വാർട്ടേഴ്സിലെ ഉഷ ബേബിയുടെ 7500 രൂപയും മൊബൈൽ ഫോണും തട്ടിയെടുത്ത കേസിൽ അടുത്ത ക്വാർട്ടേഴ്സിൽ താമസിക്കുന്ന അശ്വന്ത്(19)ആണ് പിടിയിലായത്. കഴിഞ്ഞ സെപ്തംബർ അഞ്ചിനായിരുന്നു കവർച്ച. അശ്വന്ത് മയക്കുമരുന്നിന് അടിമയായിരുന്നത്രെ.

ജമാഅത്ത് കമ്മിറ്റി പ്രസിഡണ്ടിന്റെ മൃതദേഹം ദുരൂഹസാഹചര്യത്തിൽ കുളത്തിൽ

കാസർക്കോട്: കുമ്പള കൊടിയഞ്ഞി ജമാഅത്ത് കമ്മിറ്റി പ്രസിഡണ്ട് ദുരൂഹസാഹചര്യത്തിൽ കുളത്തിൽ മരിച്ചനിലയിൽ. മരണത്തിൽ സംശയമുണ്ടെന്ന് ബന്ധുക്കൾ ആരോപിച്ചതിനെ തുടർന്ന് മൃതദേഹം പോസ്റ്റുമോർട്ടത്തിന് പരിയാരം മെഡി. കോളേജിലേക്കയച്ചു.

കൊടിയമ്മ പള്ളത്തിമാറിലെ മൂസ (70) ആണ് മരിച്ചത്. റിട്ട. കപ്പൽ ജീവനക്കാരനായ മൂസക്ക് പത്ത് ഏക്രയോളം കവുങ്ങിൻ തോട്ടമുണ്ട്. വീടിനോട് ചേർന്ന തോട്ടത്തിൽ ഇന്നലെ വൈകുന്നേരം 4.30 ഓടെ കാടുവെട്ടിത്തെളിക്കാൻ മെഷീനുമായി പോയതായിരുന്നു മൂസ. 5.30 വരെ മെഷീൻ പ്രവർത്തിക്കുന്ന ശബ്ദം കേട്ടതായി കുമ്പള പഞ്ചായത്ത് മുൻ അംഗമായ മകൾ നസീമ പറയുന്നു. പിന്നീട് ശബ്ദം കേൾക്കാത്തതിനെ തുടർന്ന് വീട്ടുകാർ അന്വേഷിച്ചുപോയെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. സന്ധ്യയായിട്ടും തിരിച്ചെത്താത്തതിനെ തുടർന്ന് നടത്തിയ തെരച്ചിലിൽ മൂസയുടെ ഒരു ഷൂ കുളത്തിന് സമീപം കാണപ്പെട്ടു. തുടർന്ന് കുളത്തിൽ പരിശോധന നടത്തിയപ്പോഴാണ് മുങ്ങി മരിച്ചനിലയിൽ കണ്ടെത്തിയത്.

മൃതദേഹത്തിന്റെ തലയ്ക്ക് മുറിവേറ്റിട്ടുണ്ട്. കാടുവെട്ടിത്തെളിക്കാൻ മൂസ കൊണ്ടുപോയ മെഷീൻ കാണാതായിട്ടുണ്ട്. ശരീരത്തോട് ബെൽറ്റ് ഉപയോഗിച്ചാണ് മൂസ മെഷീൻ ഘടിപ്പിക്കാറുള്ളത്. ഉറപ്പിന് വേണ്ടി ബെൽറ്റിന് പുറമെ കയറുകൊണ്ടും മെഷീൻ കെട്ടിയിടാറുണ്ടത്രെ. ഇതും കണ്ടെത്താനായിട്ടില്ല.

ആറ് വലിയ കുളങ്ങളുണ്ട് തോട്ടത്തിൽ. ഇവ പരസ്പരം തുരങ്കം വഴി ബന്ധിപ്പിച്ച നിലയിലാണ്. മെഷീൻ കുളത്തിൽ തെറിച്ചു വീണ് എവിടെയെങ്കിലും കുടുങ്ങിക്കിടക്കുന്നുവെന്ന് കരുതിയാൽ പോലും ശരീരത്തിലെ ബെൽറ്റും കയറും കാണാതായതാണ് സംശയം വർധിപ്പിച്ചത്. ജമാഅത്ത് കമ്മിറ്റിയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മൂസക്ക് നേരെ നേരത്തെ വധഭീഷണിയുണ്ടായിരുന്നുവത്രെ.

ഭാര്യ: അൗവ്വമ. മക്കൾ: നസീമ, ഫൗസിയ, ഷഹനാസ്, സഫിയ, സലാം, ജലീൽ.

എ.ടി.എം നമ്പർ ചോർത്തി ആലക്കോട് സ്വദേശിയുടെ 2000 രൂപ കവർന്നു

ആലക്കോട്: സ്റ്റേറ്റ് ബാങ്കിന്റെ ഹെഡ് ഓഫീസിൽ നിന്നാണ് വിളിക്കുന്നതെന്ന് പറഞ്ഞ് ആലക്കോട് സ്വദേശിയുടെ എ.ടി.എം നമ്പർ ചോർത്തി അക്കൗണ്ടിൽ നിന്ന് 2000 രൂപ കവർന്നു. ആലക്കോട് സ്റ്റേറ്റ് ബാങ്കിൽ അക്കൗണ്ടുള്ള ആലക്കോട് സ്വദേശിയായ യുവാവിന്റെ പണമാണ് തട്ടിപ്പ് സംഘം കൈക്കലാക്കിയത്. യുവാവിന്റെ മൊബൈൽ ഫോണിലേക്ക് 6290077344 എന്ന ഫോൺ നമ്പറിൽ നിന്ന് എസ്.ബി.ഐയുടെ മുംബൈയിലെ ഹെഡ് ഓഫീസിൽ നിന്നാണെന്ന് പറഞ്ഞ് വിളിച്ചതോടെയാണ് തട്ടിപ്പിന്റെ തുടക്കം. ഹിന്ദിയിലായിരുന്നു സംഭാഷണം. അക്കൗണ്ടുമായി ബന്ധപ്പെട്ട സംശയങ്ങൾ പരിഹരിക്കുന്നതിനാണെന്ന് പറഞ്ഞ് വിളിച്ച ഇവർ അക്കൗണ്ട് നമ്പർ ലിങ്ക് ചെയ്യുന്നതിനായി എ.ടി.എം കാർഡിന്റെ പിൻ നമ്പർ ആവശ്യപ്പെട്ടു. തന്റെ അക്കൗണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യമായി പറഞ്ഞതിനാൽ സംശയം തോന്നാതിരുന്ന യുവാവ് നമ്പർ നൽകി നിമിഷങ്ങൾക്കകം അക്കൗണ്ടിൽ ആകെയുണ്ടായിരുന്ന 2000 രൂപ നഷ്ടപ്പെട്ടതായി അറിയിച്ചുകൊണ്ടുള്ള സന്ദേശം ഫോണിലെത്തിയതോടെയാണ് താൻ കബളിപ്പിക്കപ്പെട്ട കാര്യം യുവാവ് അറിയുന്നത്. ഉടൻ ബാങ്കിലെത്തി വിവരം പറഞ്ഞുവെങ്കിലും ഫലമുണ്ടായില്ല. ഇത്തരം നമ്പറുകളിൽ നിന്ന് വരുന്ന ഫോൺ വിളികളുമായി ബാങ്കിന് യാതൊരു ബന്ധവുമില്ലെന്നാണ് അധികൃതരുടെ വിശദീകരണം. ഇത്തരം നമ്പറുകളിൽ നിന്നുള്ള ഫോൺ വിളികൾ ആരും സ്വീകരിക്കരുതെന്ന മുന്നറിയിപ്പാണ് അധികൃതർ നൽകുന്നത്.

CEECO
INTERNATIONAL CONSULTANCY & TRAINING CENTRE

FRESHER'S ORIENTATION PROGRAMME 2018
Of Guangxi Medical University 2018 batch
at Hotel Green Park Residency
Opp. Railway Station, Kannur. Tel. 0497 2767744
On 7th October, 2018 from 9.30 am to 4.00 pm

- Introduction Speech, M.D. Ceeco International
- Inauguration by Dr.Bejoy C.P., President, KGMOA, Kannur District.
- Motivation speech by Chief Guest - Shri Vinod Vaisakhi, Poet & State Secretary, Progressive Arts & Literary Organization
- Lunch
- Presentation on Pre-departure briefings
- Distribution of Air Tickets & China SIM Card details
- Students, Parents interaction session

2nd Floor, Kingdom Tower, Manna, Taliparamba (PO), Kannur – 670 141
Tel. 04602 200121 | 8136934666 | 8129663331

ദൈവ സന്നിധിയിൽ 4-ാം വർഷം നാളെ
(07-10-18)

ഇ.എം.പ്രദീപ് (മധു)
'ശ്രീലകം' (ഇളംപുരയിടത്തിൽ)
നെല്ലിപ്പാറ
ദീപ്ത സ്മരണകൾക്ക് മുന്നിൽ
ആദരാഞ്ജലികളോടെ
ഭാര്യ: ഡോ. സിന്ധു പ്രദീപ്, മക്കൾ: ഹർഷ, ഹൃദ്യ, ഹരിത
സഹോദരങ്ങൾ, ബന്ധുമിത്രാദികൾ